# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 183    04-02-2013 ന് മറുപടിയ്ക്ക്**

**<u>വനാവകാശ നിയമം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ഉബൈദുള്ള | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വനാവകാശ നിയമം പരിപൂർണ്ണമായും നടപ്പാക്കിയിട്ടുണ്ടോ;<br><br>(ബി) ഇല്ലെങ്കിൽ അതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ? | (എ) & (ബി) സംസ്ഥാനത്ത് വനാവകാശ നിയമം നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പാണ്. ഇതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൈവശാവകാശ രേഖ, കമ്മ്യൂണിറ്റി റൈറ്റ്സ് എന്നിവയ്ക്കുള്ള അപേക്ഷകൾ ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം, ഒരാളുടെ പേരിൽ ഒന്നിൽ കൂടുതൽ അപേക്ഷകൾ സമർപ്പിക്കൽ, ഒരേ സ്ഥലം ഒന്നിൽ കൂടുതൽ പേർ ആവശ്യപ്പെടുക, സ്വന്തം കൈവശമുള്ളതിനേക്കാൾ കൂടുതൽ വിസ്തീർണ്ണത്തിനായി അപേക്ഷിക്കുക, അപേക്ഷകളിൽപ്പെടുന്ന ഭൂമി വനത്തിനുള്ളിലാകയാൽ സർവ്വേ നടത്തുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ട് തുടങ്ങിയവ വനാവകാശ നിയമം നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാകാനിടയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ